പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 545

04-02-2020 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം

ചോദ്യം
ശ്രീ.പി.സി. ജോർജ്

മറുപടി
ശ്രീ.ഇ.പി.ജയരാജൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | എ) | ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും അതിലൂടെ അവയുടെ സംരക്ഷണം ഉറപ്പുവരുത്താനുമാണ് സർക്കാർ ശ്രമിച്ചു വരുന്നത്. കൂടാതെ പ്രവർത്തനമൂലധനം നൽകിയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിലൂടെയും പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെ.എം.എം.എൽ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിലവിലുള്ള ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളാ ആട്ടോമൊബൈൽസിൽ ഇലക്ട്രിക് മുച്ചക്ര വാഹന നിർമ്മാണത്തിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. സ്പേസ് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ട് വി.എസ്.എസ്.സി/ഐ.എസ്.ആർ.ഒ പ്രതിരോധമേഖലയ്ക്കും ആവശ്യമായ വളരെ കൃത്യതയോടെ നിർമ്മിക്കേണ്ട ഉപകരണങ്ങളുടെയും അനുബന്ധ ജോലികളും ചെയ്യുന്നതിനായി ഇലക്ട്രോണിക്സ്, എഞ്ജിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുമുള്ള നടപടികൾ നടപ്പിലാക്കി വരികയാണ്. ആധുനിക മരുന്നുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ കെ.എസ്.ഡി.പിയിൽ നടപ്പിലാക്കിവരുന്നു. സ്മാർട്ട് മീറ്റർ നിർമ്മാണം, ജി.പി.എസ് അധിഷ്ഠിത വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം എന്നിവ നിർമ്മിക്കുന്നതിന് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിനെ സജ്ജമാക്കിയിട്ടുണ്ട്.<br><br>മാനേജിംഗ് ഡയറക്ടർമാരുടെയും, ജീവനക്കാരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനും പ്രാപ്തരാക്കുന്നതിനുമായി വിവിധതരത്തിലുള്ള പരിശീലന പരിപാടികളിലൂടെയും നിരന്തരമായ അവലോകനത്തിലൂടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവിലും, ലാഭത്തിലും വർദ്ധനവ് |

| | | | |
|---|---|---|---|
| | | | ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| ബി) | വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ കിയാൽ മാതൃകയിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി പുനഃസംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ; | ബി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. |
| സി) | ഇത്തരത്തിൽ ഇവയുടെ ഉൽപാദനക്ഷമത ഉയർത്തി ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | സി) | വിവിധ നവീകരണ പ്രവർത്തനങ്ങളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നൂതനമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കൂടുതൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാക്കുവാനും സാധിച്ചു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നുണ്ട്. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിലൂടെ കെമിക്കൽ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ ലാഭത്തിലാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹന നിർമ്മാണം, വി.എസ്.എസ്.സി. /ഐ.എസ്.ആർ.ഒ. തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പേസ് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണം എന്നിവയിലൂടെ ഇലക്ട്രോണിക്സ് /എഞ്ചിനീയറിംഗ് മേഖലയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ സ്മാർട്ട് മീറ്റർ നിർമ്മാണം, ജി.പി.എസ് അധിഷ്ഠിത വെഹിക്കിൾ ട്രാക്കിംഗ് സംവിധാന നിർമ്മാണം എന്നിവ മുഖേനയും കെ.എസ്.ഡി.പി.യിൽ ആധുനിക മരുന്ന നിർമ്മാണം മുഖേനയും പ്രസ്തുത കമ്പനികളെ നേട്ടത്തിന്റെ പാതയിലെത്തിക്കുവാൻ സാധ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ